# 'കർത്താവിൽ മരിക്കുക'

## 1 തെസ്സലൊനിക്യർ 4:14

**"യേശു മരിക്കയും ജീവിച്ചെഴുന്നേൽക്കയും ചെയ്തു എന്നു നാം വിശ്വസിക്കുന്നു എങ്കിൽ അങ്ങനെ തന്നേ ദൈവം നിദ്രകൊണ്ടവരേയും യേശുമുഖാന്തരം അവനോടുകൂടെ വരുത്തും."**

ഈ വചനം എന്നും മനസ്സിൽ സൂക്ഷിച്ചാൽ ഒരു വിശ്വാസിക്ക് മരിക്കുവാനുള്ള ഭയം ഇല്ലാതെയാകും, കാരണം ഇന്നു ജീവിച്ചിരിക്കുമ്പോൾ തന്നെ കർത്താവിന്റെ രണ്ടാമത്തെ വരവു നോക്കിപ്പാർക്കുകയാണെങ്കിലും ഇന്നു നമ്മിൽ പലർക്കും കർത്താവിനോടൊപ്പം ചേർക്കപ്പെടുമോ എന്നത് എപ്പോഴും ഒരു സംശയം ഉളവാക്കുന്ന ഒന്നായി മാറിയിരിക്കുകയാണ്. അങ്ങിനെയെങ്കിൽ മരിച്ചു കഴിഞ്ഞാൽ പിന്നെ എങ്ങനെ കർത്താവിനോടൊപ്പം ചേർക്കപ്പെടും? അത് അതിലും വലിയ ഒരു സംശയവിഷയമായി നിൽക്കുന്നു. അവിടെയാണ് ദൈവത്തിന്റെ വചനം നമ്മെ ഇപ്രകാരം ഓർമ്മപ്പെടുത്തിത്തരുന്നത്. അതുമല്ല കർത്താവിൽ മരിച്ചവർക്കുള്ള മുൻഗണന പിന്നീടുള്ള വാക്യത്തിൽ നമുക്ക് കാണാം, 'കർത്താവു താൻ ഗംഭീരനാദത്തോടും പ്രധാനദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളത്തോടും കൂടെ സ്വർഗ്ഗത്തിൽ നിന്നു ഇറങ്ങിവരികയും ക്രിസ്തുവിൽ മരിച്ചവർ മുമ്പെ ഉയിർത്തെഴുന്നേൽക്കയും ചെയ്യും. പിന്നെ ജീവനോടെ ശേഷിക്കുന്ന നാം അവരോടു ഒരുമിച്ചു ആകാശത്തിൽ കർത്താവിനെ എതിരേൽപാൻ മേഘങ്ങളിൽ എടുക്കപ്പെടും'' (1 തെസ്സലൊനിക്യർ 4:16–17). എന്തൊരു ഭാഗ്യാവസ്ഥയാണ് കർത്താവിൽ മരിച്ചവർക്ക് ലഭിക്കുന്നത്. ഈ ഒരു വചനത്തിൽ നാം ഉറക്കുകയാണെങ്കിൽ നമുക്ക് ജീവിക്കുന്നതിലുപരി മരിക്കാൻ വളരെ സന്തോഷമായിരിക്കും. തന്റെ പ്രിയനോടൊപ്പം ആദ്യമേ ചേർക്കപ്പെടാനുള്ള ആ അവസരം ലഭിക്കുക എന്നത് ചെറിയ കാര്യമല്ല.

ഇന്ന് നമുക്ക് ചുറ്റും നാം പലതും കേൾക്കുകയും കാണുകയും ചെയ്യുന്നു. ചിലർ അതിനെ അടയാളങ്ങളായും മറ്റു ചിലർ അതിൻപ്രകാരം കർത്താവിന്റെ വരവിൻ ദിവസങ്ങൾ വരെ പ്രവചിക്കുന്ന സാഹചര്യങ്ങളിലേക്ക് എത്തിച്ചേർന്നിരിക്കുന്ന ഒരവസ്ഥ. എന്നാൽ മത്തായി സുവിശേഷം 24:36 ൽ ഇപ്രകാരം പറയുന്നു 'ആ നാളും നാഴികയും സംബന്ധിച്ചോ എന്റെ പിതാവു മാത്രമല്ലാതെ ആരും സ്വർഗ്ഗത്തിലെ ദൂതന്മാരും പുത്രനും കൂടെ അറിയുന്നില്ല.'' ഇന്നു നമ്മെ കർത്താവിന്റെ വരവ് എന്നുള്ള ലക്ഷ്യത്തിൽ നിന്നു വഴി തെറ്റിക്കാൻ സാത്താൻ കൊണ്ടുവരുന്ന തന്ത്രങ്ങളാണ് ഇന്നു നാം കേൾക്കുകയും

കാണുകയും ചെയ്യുന്ന പ്രവചനങ്ങളും മറ്റും. അതിൽ ഒന്നും വീണ് നമ്മുടെ ലക്ഷ്യവും സമയവും അന്യമാക്കിക്കളയാതിരിപ്പാൻ ദൈവത്തിന്റെ ആത്മാവ് നമ്മോട് ആഹ്വാനം ചെയ്യുന്നു. ജീവിച്ചിരിക്കുന്നേടത്തോളം നമ്മിൽ ദൈവത്തിന്നു ഒരു പദ്ധതി ഉണ്ട്. ആ പദ്ധതി നാം തിരിച്ചറിയുകയും അതിൻ പ്രകാരം നാം നമ്മുടെ ജീവിതം ക്രമീകരിക്കുകയും വേണം. അതാണ് ദൈവം ഇന്നു നമ്മിൽ നിന്നാഗ്രഹിക്കുന്നത്.

ഇന്ന് ഈ പാപ ലോകത്തിൽ ആയിരിക്കുമ്പോൾ നമ്മുടെ ചിന്തയും വിചാരങ്ങളുമെല്ലാം നമ്മുടെ രക്ഷയും ആ രക്ഷയിൽ നിലനിൽപ്പാനുള്ള നമ്മുടെ ജീവിത വിശുദ്ധിയും ഒക്കെ ആയിരിക്കണം. മറ്റൊരു കാര്യങ്ങൾക്കും നമ്മിൽ ഇടം കൊടുക്കാൻ നാം തയ്യാറാകരുത്. ഒരിക്കലും സാത്താനു കൂടുകൂട്ടുവാനുള്ള ഒരു തണലായി നാം നിന്നു കൊടുക്കരുത്. നമ്മുടെ ലക്ഷ്യം കർത്താവായ യേശുവിണോടൊപ്പം അവന്റെ മണവാട്ടി സഭയായി എടുക്കപ്പെടുന്നതും അവനോടൊപ്പം നിത്യം വസിക്കുന്നതും ആയിരിക്കണം. അതിൽ നിന്നും നമ്മെ തെറ്റിക്കുന്നതായ എല്ലാ കാര്യങ്ങളിൽ നിന്നും നാം വേർപാട് നിലനിർത്തണം. അതിനായി ദൈവാത്തിന്റെ പരിശുദ്ധറൂഹാ നമ്മെ നയിക്കുകയും സഹായിക്കുകയും ചെയ്യുമാറാകട്ടെ എന്നു പ്രാർത്ഥിക്കുന്നു.

**പരാമർശം:**
മത്തായി 7:13–15

"ഇടുക്കുവാതിലൂടെ അകത്തു കടപ്പിൻ; നാശത്തിലേക്കു പോകുന്ന വാതിൽ വീതിയുള്ളതും വഴി വിശാലവും അതിൽകൂടി കടക്കുന്നവർ അനേകരും ആകുന്നു. ജീവങ്കലേക്കു പോകുന്ന വാതിൽ ഇടുക്കവും വഴി ഞെരുക്കവുമുള്ളതു; അതു കണ്ടെത്തുന്നവർ ചുരുക്കമത്രേ. കള്ള പ്രവാചകന്മാരെ സൂക്ഷിച്ചുകൊൾവിൻ; അവർ ആടുകളുടെ വേഷം പൂണ്ടു നിങ്ങളുടെ അടുക്കൽ വരുന്നു; അകമെയോ കടിച്ചുകീറുന്ന ചെന്നായ്ക്കൾ ആകുന്നു"

ബ്രദർ. ബിനു ബേബി ആലപ്പുഴ 095